## പതിമൂന്നാം കേരള നിയമ സഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 771 — 08.03.2012 ൽ മറുപടിക്ക്

## കടങ്ങോട് സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ഉൾപ്പെടുന്ന കടങ്ങോട് സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണ്. | (എ) കടങ്ങോട് കുടിവെള്ള പദ്ധതി യുടെ എല്ലാ ഘടകങ്ങളും പൂർത്തീ കരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. | (ബി) 2012 മാർച്ച് മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പദ്ധതി വിഭാവനം ചെയ്യുന്ന പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളായ കടങ്ങോട്, എരുമപ്പെട്ടി,വേലൂർ എന്നിവ വേനൽക്കാലത്ത് കടുത്ത ശുദ്ധജല ക്ഷാമവും വരൾച്ചയും അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് എന്നതു കണക്കിലെടുത്ത് ഇത് കമ്മീഷൻ ചെയ്യുന്നതിന് മുന്തിയപരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാ ക്കുമോ? | (സി) ഈ പദ്ധതി നാലു പഞ്ചായത്തുകളിലേക്കു വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ്. ഇതിൽ കടങ്ങോട്, വരവൂർ പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം 11.10.2011 ന് ആരംഭിച്ചിട്ടുണ്ട്. എരുമപ്പെട്ടി,വേലൂർ പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ ചാർജിംഗ്, കമ്മീഷനിംഗ് നടന്നു വരുന്നു. പദ്ധതി പൂർണമായും കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ